Taking into consideration the spirit of the young folk there, a standing illustration is the Hon'ble the Mover of the Resolution, my friend Mr. P. S. Kesavan Nambudiri who had his marriage celebrated recently a few weeks ago; and mind you he is a junior member of an illam marrying another member of the Nambudiri community. On that occasion, every one of us had expected that in the Palghat Taluk there will be much commotion and there will be a division among the Nambudiris, so far as my friend Mr. Kesavan Nambudiri's marriage was concerned. It was most surprising for all the people there to see that that marriage was welcomed by the young and old and he had the blessings of many old Nambudiris now remaining in Malabar

LIBRARY ARCHIVES Kerala Legislative Assembly

and Cochin. (*Hear, hear*). It was very largely attended, very much appreciated, encouragement was given and the unanimous opinion of the members assembled there was that such marriages may be celebrated hereafter in that community.

The third illustration to press for the introduction of this Bill and for its acceptance by this House is the change of feeling or the change in the angle of vision, if I may quote a colloquial expression, regarding the attitude of the Nambudiris and their regard towards the so-called religious rules. I refer in particular to the case now going on regarding the Temple Entry Satyagraha case in the Guruvayur Temple. There is certainly difference of opinion. In that case I am given the privilege of appearing for one party and it is only very recently, a few days back, that the Zamorin Raja of Calicut held a conference of all the leading Nambudiris and Nambudiripads in Malabar, Cochin and Travancore presided over by the Cherumuck Vaideekan who is the most conservative of the whole lot. Many Nambudiris and Nambudiripads attended that conference and the Zamorin Maharaja left it to them to see whether in these enlightened days it is not open to them also to march with the movements now and to treat people all alike and not to treat them as beasts. There is some difference of opinion regarding the unanimous conclusion reported to have been arrived at the conference. But at any rate I can vouchsafe to one thing (because I have had some knowledge about it) that many Nambudiris and Nambudiripads including the most orthodox minded among them, belonging to the very old school of thought and who are most reluctant to accommodate themselves to the present needs of modern society, even they, came over to the younger generation and then said, "all right, we shall shake hands with each other."

It may not be surprising for all of us to hear ere long that the Nambudiris inhabiting in Malabar and Cochin march hand in hand along the so-called backward and depressed classes along those roads over which from time immemorial, prohibition has been the only rule.

These are the three specific instances with which I am quite familiar and of which I have first hand knowledge and from which I dare say that a case is clearly made out for the introduction of this Bill by the Hon'ble Member for Kattur.

Are we not also to reckon with the other element in the Nambudiri community? I refer in particular to the ladies represented by the Hon ble the nominated member who has made a very eloquent case for the introduction of this Bill and for the acceptance of the same by the House. (*Hear, hear.*)

LIBRARY ARCHIVES Kerala Legislative Assembly

I am not going to refer to the various aspects and the various sections of the Bill one by one, because this is not the stage for it. I do not want to do it here. But since two of the Hon'ble Members on this floor of the House seem to suspect that legislation is not necessary in these matters and that the State need not come forward to introduce a law and that it must be left open to the members of the community themselves to reform themselves, it is there that I say the argument is not sound. Have we not come across various instances of society in which there are enlightened men and women who require legislative sanction behind their action for the advancement and better condition of their society? Well, so far as Cochin State is concerned, are we, Nayars, not very very advanced when compared with other communities living side by side with us? Was it not open to my Hon'ble friends here to say that legislation was not necessary when the Nayar Regulation was contemplated? Already there are very many educated men in our community and the number is over-flowing. Everywhere we see only educated men and educated girls and the problem of unemployment even among girls has become very keen. When the society is so advanced, why, a few years ago, did we want legislative sanction for the reforms which we wanted to introduce in our society? I think so far as my experience and knowledge of history goes, in these matters, to leave to society things which we earnestly desire for, more especially for the better advancement of the society, not only in social matters, but those relating to inheritance, property, etc., is a blunder. It is there that the State is bound to interfere. Very seldom, without the interference of the State, can individuals be left alone and society be asked to reform themselves with the sanction of society behind it Legal sanction is an absolute necessity and the grounds raised by the Hon'ble Member who opposed the Bill, do not seem to my mind to be very valid grounds that stand in the way of introducing this Bill.

The conservative section among the Nambudiris will surely welcome the Bill in this respect namely that it seeks to take away most of the evils now prevalent amidst them. It may be as the Hon'ble Members urge, there are certain controversial points in the Bill. No Bill is immune from defects. My learned friend who moved the Bill does not claim for himself any perfection. The Bill is introduced. A Select Committee may be appointed and at that stage we may call for evidence from leading gentlemen in and outside the community, take the public opinion in the State including all those who are interested in the welfare of the community and if ultimately it is found that there is an

LIBRARY ARCHIVES Kerala Legislative Assembly

overwhelming public opinion against the acceptance of this Bill by the Council and the passing of the Bill by this House, then it is time for us to say, "in spite of your earnest efforts, you, youngsters, to introduce reform by means of legal sanction behind it, you have miserably failed". Till then, they are entitled to say that the leaders of other communities besides the Nambudiri community will certainly lend their helping hand to the young mover here who introduces this Bill, not only on behalf of the younger generation, but also for the benefit of the old. I understand that he has had the privilege of consulting many an elder in that community and the concensus of opinion seems to be also—although our Gracious Highness the Maharaja by a publication in the Gazette was not pleased to accord sanction to the Bill which was approved by the House in 1105—to have turned considerably in favour of the Bill from 1105 to 1107. Now we are seeing the end of the controversy. The Bill of 1105 was more or less in a different form and the present Bill has met with favour from the conservative sections of the community which are certainly alive to the sufferings of the females of their community.

One point more I will refer to and I will finish. The Hon'ble Member for Trichur, my friend Mr. Sankara Poduval said that in the Nayar Regulation there is some restriction given for other castes and other communities marrying in the Nayar society. It is the information of my friend, the mover of this bill who has supplied me with this statistics that, after the passing of the Nayar Regulation, the conjugal union of a Nayar female with a Nambudiri male which was in vogue from time immemorial and which was almost a practice of the day in almost every aristocratic family, has now become very very small. And he tells me that if you take the percentage of married couple among the Nambudiri males and the Nayar females, after the introduction of this social reform, it may be practically two or three per cent and if you count the numbers on the fingers, it does not come to more than 20 or 25. When we want such a legislation to safeguard our interests, is it not legitimate on the part of the Nambudiri community also to see that their interests should be safeguarded by means of legislation. And the only opposition to the bill will be from that conservative section which is not willing to depart from old superstitious notions or part with its privileges which it was once proud to possess and that is why in the advancement of social matters we must certainly see it is not the interests of the selfish few that ought to be safeguarded, but it is the interest of the majority that clamour for it. I say,

LIBRARY ARCHIVES Kerala Legislative Assembly

in the interests of the Nambudiri community and in the interests of other communities that have necessarily to come in contact with the Nambudiri community and in view of the Nambudiri bill having been passed in the Travancore Council and the immediate approach of another similar bill to be moved in the Madras Legislative Council, which also I understand has got the entire support of the Nambudiri community of Malabar, and which also will take the form of effective legislation ere long, necessarily we will also be bound to march with the events and not shut the Nambudiris of the Cochin State within the four corners of the State, saying "We have absolutely nothing to do with the bill of Travancore. We have nothing to do with the bill of Malabar. You form an entity among yourselves." So then the necessity is really felt and it was long felt and only now, it is more especially felt, because you find the adjacent State of Travancore and British Malabar marching with the movements at the present day. Now two of the Hon'ble Members for whom I have the greatest respect have opposed this bill—I hold no brief for any Nambudiri young or old—and inasmuch as the Hon'ble Member for Trichur has claimed to know something about the mind or mentality of the older section of the Nambudiris whom he had occasion to know for the past 30 years, I thought it fit to lay bare to this House that information which I had, by my close association in some of the cases which I had the occasion to deal with. So, I think that this House without much discussion on this matter at this stage and without taking much of its time, will unanimously accept the introduction of this bill and leave the minor details to be worked out at the Select Committee stage, when proper occasion arises for the same.

മിസ്റ്റർ കെ. അയ്യപ്പൻ.—ഇതേവരെ ആരും എതിർത്തിട്ടില്ലാത്ത ഈ ബില്ലിനെ ഞാൻ പിൻതാങ്ങുന്നു. രണ്ടു മെമ്പർമാർ എതിർത്തതു ഓർക്കായ്കയല്ല. അവർക്കു സ്വന്തം നിലയിൽ എതിരില്ലെന്നു് അവർതന്നെ സമ്മതിച്ചതുകൊണ്ടാണു് അവരുടെ എതിർപ്പിനെ എതിർപ്പായി കരുതാത്തതു്. ഞാൻ ഈ ബില്ലിനെ താങ്ങാൻ ഒരു പ്രധാന കാരണമുണ്ടു്. ഓരോ സമുദായങ്ങൾക്കും പ്രത്യേകം പ്രത്യേകം നിയമങ്ങൾ ആവശ്യമാകുന്ന നിലമാറി എല്ലാവർക്കും ഒരു നിയമമാകണമെന്നു ആഗ്രഹിക്കുന്നവനാണു് ഞാൻ. ആ ലക്ഷ്യം ഉടനെ സാധ്യമല്ല. എങ്കിലും ഓരോ സമുദായവും പരിഷ്കാരത്തിനഭിമുഖമായി പോകയാണെങ്കിൽ ഒരിയ്ക്കൽ ആ ലക്ഷ്യത്തിൽ എത്തും. സ്ത്രീപുരുഷ സമത്വം, ബഹുവിവാഹമില്ലായ്മ മുതലായ തത്വങ്ങൾ ക്രമേണ ലോകമാകെ സ്വീകരിച്ചുവരികയാണു്. ആ തത്വങ്ങൾ നമ്പൂതിരിമാരുടെ തല്ക്കാലസ്ഥിതിക്കു യോ

LIBRARY ARCHIVES Kerala Legislative Assembly

ജിച്ചുവിധത്തിൽ സ്വീകരിയ്ക്കുന്ന ഈ ബില്ലും വാസ്തവത്തിൽ എല്ലാവക്കും ഒരു നിയമമായിതീരുന്ന ആദർത്തിലേയ്ക്കു കാൽവച്ചിട്ടുള്ള ഒരു നിയമനിർമ്മാണമാണ്. അതുകൊണ്ട് ഇതിനെ താങ്ങാൻ എനിക്കു വലിയ സന്തോഷമുണ്ട്.

പ്രത്യേക മെമ്പറുടെ പ്രസംഗത്തിൽ ഇതു് കേരളപരിഷ്കാരത്തിനു് സഹായിക്കുന്ന ഒരു ബില്ലാണെന്നുപറയുകയുണ്ടായി. അതു വാസ്തവമാണ്. ഞാൻ ഇതിനെ പിന്താങ്ങാൻ അതും ഒരു കാരണമാണു്.

ഈ ബില്ല പാസായാലും ഇല്ലെങ്കിലും ഗുണമാണുള്ളതു്. പാസായാൽ നമ്പൂതിരിമാർ ദീർഘകാലമായി പ്രതീക്ഷാഭരണം നടത്തുന്ന ഒരു ആവശ്യമായ നിയമം അവക്കു സിദ്ധിയ്ക്കും. പാസായില്ലെങ്കിൽ നമ്പൂതിരിമാക്കു് വിപ്ലവബുദ്ധി കൂടും. അതു് അവക്കും മറ്റുള്ളവക്കും നല്ലതാണു്. ആരേയും ക്ലേശിതെ ജീവിച്ചുപോന്നിട്ടുള്ള ഒരു സമുദായക്കാരാണു് നമ്പൂതിരിമാർ. അതുകൊണ്ടു് ഈ ബില്ലിനു് എതിരു് എത്ര വലിയ സ്ഥാനത്തു നിന്നു വന്നാലും അവിടേയ്ക്കു് അവരുടെ വിരോധം തിരിയാതിരിക്കയില്ല. അതുകൊണ്ടു് ഇതു പാസാക്കുകയാണു് നല്ലതു്.

നായന്മാക്കും, ക്രിസ്ത്യാനികൾക്കും, ഈഴവക്കും മറ്റും പ്രത്യേകം റഗുലേഷൻ ആവശ്യമായതു പാസാക്കികൊടുക്കാമെങ്കിൽ എന്തുകൊണ്ടു് നമ്പൂതിരിമാക്കു് ആവശ്യമായ നിയമം പാസാക്കിക്കൂടാ. അവരും മറ്റുള്ളവരെപോലെ മനുഷ്യരല്ലേ. മറ്റുള്ളവക്കുള്ള മാതിരി വികാരങ്ങൾ അവക്കുമില്ലേ.

ഈ ബില്ലിന്റെ ചില ന്യൂനതകൾ ഒരു മെമ്പർ പറയുകയുണ്ടായി. ആ മാതിരി ന്യൂനതകൾ പറയേണ്ട ഘട്ടം ഇതല്ല. ബില്ലിന്റെ തത്വം സ്വീകാര്യമാണെങ്കിൽ ബില്ലു് സെലക്ടു് കമ്മിറ്റിയെ ഏല്പിക്കണം. ന്യൂനതകൾ സെലക്ടു് കമ്മിറ്റിയിൽ തീക്കാവുന്നതാണു്. അതിനു് അവസരങ്ങൾ പിന്നെ ഈ സഭക്കുമുണ്ടു്. അതുകൊണ്ടു് അനാവശ്യവാദങ്ങൾ കൊണ്ടു് ബില്ലിനെ എതിർക്കാതെ ഇതു സെലക്ടുകമ്മിറ്റിയെ ഏല്പിയ്ക്കുന്നതിനു് എല്ലാവരും അനുകൂലിയ്ക്കുണ്ടതാണു്.

മിസ്റ്റർ ജോസെഫ് പെട്ട.—സർ, നമ്പൂതിരി സമുദായത്തോടോ, അതിനോടു് അനുബന്ധിക്കപ്പെടാവുന്ന മറ്റേതെങ്കിലും സമുദായത്തോടോ ബന്ധമില്ലാത്ത എനിയ്ക്കു്, പ്രസ്തുത സമുദായത്തെയോ, സമുദായങ്ങളേയോ മാത്രം സ്പർശിക്കുന്ന ഈ ബില്ലിനെപ്പറ്റി അഭിപ്രായം പറയുന്നതിനു് അർഹതയുണ്ടോ എന്നു് എന്റെ മാന്യസ്നേഹിതന്മാരായ മെമ്പർമാർ സംശയിച്ചേയ്ക്കാം. അതുകയാൽ ഈ നിയ്ക്കു് അതിനുള്ള അവകാശത്തെ കുറിച്ചു് രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. ഞാൻ പ്രതിനിധീകരിയ്ക്കുന്ന അഡൂർ മണ്ഡലത്തിൽ വളരെ അധികം നമ്പൂതിരിമാരുണ്ടു്. വലിയ അഗ്രഹാരങ്ങളായ ന

LIBRARY ARCHIVES Kerala Legislative Assembly

നമ്പൂതിരിമാർതന്നെ ധാരാളമുണ്ട്. ഈ ബില്ല് സഭയിൽ ഹാജരാക്കപ്പെട്ടതിന്റെശേഷം, ഞാൻ അതു സംബന്ധിച്ച് എന്റെ മണ്ഡലത്തിൽപെട്ട നമ്പൂതിരി നേതാക്കന്മാരുടെ അഭിപ്രായങ്ങൾ എങ്ങിനെയിരിയ്ക്കുന്നു എന്നറിയുവാൻ ശ്രമിയ്ക്കുകയുണ്ടായി. ഞാൻ അവക്കെല്ലാം സാമാന്യമായ ഒരു ക്ഷണം അയച്ചു. ബില്ലിനെപ്പറ്റി ആലോചിയ്ക്കുന്നതിനായി അന്നമനട പഞ്ചായത്തു ആഫീസിൽ കൂടണമെന്നായിരുന്നു ക്ഷണത്തിലെ താല്പര്യം. അതനുസരിച്ച് പല നമ്പൂതിരിമാരും അവിടെ കൂടി. പ്രായംചെന്ന നമ്പൂതിരിമാരുടെ അഭിപ്രായം അറിയുന്നതിനാണ് എനിയ്ക്കു പ്രത്യേകതാല്പര്യമുണ്ടായിരുന്നതു്. അന്നു അവിടെ കൂടിയിരുന്നവരിൽ ഏകദേശം ഒരു ശതമാനവും, അതായത്, പത്തുപതിനാറു പേരുണ്ടായിരുന്നവരിൽ അധികഭാഗവും പ്രായം കൂടിയവരായിരുന്നു. യുവാക്കന്മാർ ചുരുക്കമേ ഉണ്ടായിരുന്നുള്ളൂ. വൃദ്ധന്മാർ സാധാരണ യാഥാസ്ഥിതികന്മാരാണെല്ലൊ. ഈ ബില്ലിനെപ്പറ്റി അവർക്കുള്ള അഭിപ്രായം എങ്ങിനെയിരിയ്ക്കുമോ എന്നു് എനിയ്ക്കു വളരെ സംശയമുണ്ടായിരുന്നു. അവർ ബില്ലിനെ ശക്തിപൂർവ്വം എതിർക്കുമെന്നാണ് ഞാൻ വിചാരിച്ചതു്. പക്ഷെ അനുഭവം നേരെ മറിച്ചാണു് കണ്ടതു് (*Hear, hear*). ആരംഭത്തിൽ ചിലർ ചില എതിർവാദങ്ങൾ പുറപ്പെടുവിയ്ക്കുകയുണ്ടായി. പക്ഷെ വാദം തുടർന്നു് ബില്ലിന്റെ ന്യായന്യായങ്ങൾ ശരിയായി വിമർശിച്ചതോടുകൂടി അവരെല്ലാം യാതൊരു തടസ്ഥവും പറയാതെ ഐകകണ്ഠ്യേന ബില്ലിനെ അനുകൂലിയ്ക്കുകയാണു് ചെയ്തത്. എന്നാൽ ഇതിലും പ്രധാനമായ ഒരു സംഗതി, അവർ ഈ ബില്ലിനെ അനുകൂലിച്ചുവെന്നമാത്രമല്ല; അതിൽ ഇപ്പോഴുള്ളവയേക്കാൾ കൂടുതൽ പരിഷ്കാരപരങ്ങളായ ചിലവ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തണമെന്നു് ആവശ്യപ്പെട്ട എന്നുള്ളതാണു്. അപ്രകാരം ആവശ്യപ്പെട്ടതു് പ്രധാനമായി പ്രായം കൂടിയ നമ്പൂതിരിമാരായിരുന്നു എന്നുള്ള വസ്തുതയും ഞാൻ ഈ സഭാസമക്ഷം പ്രസ്താവിച്ചുകൊള്ളുന്നു.

അന്നത്തെ യോഗത്തിലെ വാദരീതി ഏതാണ്ടു താഴെ പറയുന്ന തരത്തിലായിരുന്നു. ഈ ബില്ലിന്റെ പ്രധാനോദ്ദേശം നമ്പൂതിരി സമുദായത്തിലെ സ്ത്രീജനങ്ങളുടെ അവശതകളെ പരിഹരിയ്ക്കുക എന്നുള്ളതാണു്. അനേകകാലമായിട്ടു് നമ്പൂതിരി സമുദായത്തിലുള്ള സ്ത്രീജനങ്ങൾ എത്രമാത്രം കഷ്ടങ്ങളാണു്, ഏതെല്ലാം തരത്തിലുള്ള അവശതകളാണു് അനുഭവിച്ചുപോരുന്നതു്; എത്ര അഗാധമായനരകകൂണ്ടിലാണു് അവർ സ്ഥിതിചെയ്യുന്നത്; എത്ര സ്ത്രീകളാണു് അവിവാഹിതകളായി കഴിച്ചുകൂട്ടുന്നത്; എന്നെല്ലാം ചില യുവാക്കന്മാർ വിശദീകരിച്ചു കാണിച്ചു. എല്ലാവരും അതു് വാസ്തവമാണെന്നു സമ്മതിച്ചു. നമ്പൂതിരി സമുദായത്തിലെ സ്ത്രീജനങ്ങൾ അനുഭവിച്ചുപോരുന്ന ഏവംവിധങ്ങളായ

LIBRARY ARCHIVES Kerala Legislative Assembly

അവശതകൾക്കുള്ള പ്രധാന നിവാരണമാർഗ്ഗം സജാതീയ വിവാഹമാണെന്നും അവർ സമർത്ഥിച്ചു. വിവാഹകാര്യത്തിൽ പ്രത്യേകിച്ചൊരു നിയമമൊന്നും ആവശ്യമില്ല; പ്രണയാവേശമാണ് വിവാഹത്തിനു് ആവശ്യമായിട്ടുള്ളത്"; എന്നൊക്കെ ബഹുമാനപ്പെട്ട തുഞ്ചിവപേരൂർ മെമ്പർ ഇവിടെ പ്രസ്താവിയ്ക്കുകയുണ്ടായി. പക്ഷേ അന്നമനട കുടിയ നമ്പൂതിരിമാർ ഈ അഭിപ്രായത്തിന്റെ പൂർവ്വഭാഗത്തോടു യോജിയ്ക്കുന്നതായി കണ്ടില്ല. സജാതീയ വിവാഹം പ്രചാരത്തിൽ വരുന്നതിനു് കുടുംബസ്വത്തിന്റെ വിഭജനം ആവശ്യമാണു്. കനിഷ്ഠന്മാർ സജാതിയിൽ വിവാഹം കഴിയ്ക്കുന്നപക്ഷം അവർക്കു കൂട്ടുകുടുംബത്തിൽനിന്നു വേർതിരിഞ്ഞു താമസിയ്ക്കുന്നതിനു് ആവശ്യം നേരിടുന്നതാണു്. അങ്ങിനെ വേർതിരിഞ്ഞു താമസിയ്ക്കുന്നവരുടെ സംരക്ഷണത്തിനു് ആവശ്യമായ സ്വത്തു് ഇല്ലംവക സ്വത്തിൽനിന്നു വീതിച്ചു് അവർക്കു കൊടുക്കേണ്ടിയിരിയ്ക്കുന്നു. അതിനാൽ, കുടുംബസ്വത്തിന്റെ വിഭജനത്തിനും, തദ്വാരാ സജാതീയ വിവാഹം പ്രോത്സാഹിപ്പിയ്ക്കുന്നതിനും ഒരു നിയമം ആവശ്യമാണെന്നും അന്നത്തെ യോഗം സമർത്ഥിയ്ക്കുകയുണ്ടായി. അതോടുകൂടിതന്നെ ബഹുഭാര്യാത്വം അനാവശ്യമാണെന്നും, അതു് ഒരിക്കലും അനുവദിക്കരുതാത്തതാണെന്നും അവർ വാദിച്ചു.

ഇനി അവർ ഏതെല്ലാം വിഷയത്തിലാണു് ബില്ലിലെ വ്യവസ്ഥകളെ അതിക്രമിച്ചു് കൂടുതൽ പരിഷ്കാരങ്ങൾ ആവശ്യപ്പെട്ടതെന്നുകൂടി സംക്ഷിപ്തമായി പ്രസ്താവിയ്ക്കാം. ബില്ലിൽ സജാതീയ വിവാഹം പ്രോത്സാഹിപ്പിയ്ക്കുന്നതിനുള്ള ചില വ്യവസ്ഥകൾ ഉണ്ടെന്നുള്ളതു് ശരിയാണു്. പക്ഷേ അതു പോരാ, മറുസമുദായങ്ങളിൽനിന്നുള്ള വിവാഹം തീരെ പാടില്ല എന്നാക്കണമെന്നു് ചിലർ വാദിച്ചു. എങ്കിലും വ്യക്തിപരമായ സ്വാതന്ത്ര്യം അതുകണ്ടു തടയണമോ എന്ന പ്രശ്നത്തിനു പൂർണ്ണമായ ഒരു സമാധാനം പറയുന്നതിനു് യോഗത്തിനു സാധിച്ചില്ല. ഏതായാലും ഇപ്പോഴത്തെ സമ്പ്രദായമനുസരിച്ചുള്ള സംബന്ധ ഏർപ്പാടു് തീരെ അനാശാസ്യമാണെന്നു അവരെല്ലാവരുംതന്നെ അഭിപ്രായപ്പെട്ടു.

രണ്ടാമതായി ബഹുഭാര്യാത്വത്തെപ്പറ്റിയാണു് പറഞ്ഞതു്. ബില്ലിൽ ഇതു ഏതാനും ഘട്ടങ്ങളിൽ അനുവദിച്ചു കാണുന്നുണ്ടു്. അതായതു്, ആദ്യഭാര്യയ്ക്കു അഞ്ചുകൊല്ലത്തേയ്ക്കു സുഖപ്പെടാത്തതായ ദിനം പിടിപെടുകയോ, പത്തുകൊല്ലത്തിനകം പുരുഷസന്താനമുണ്ടാകാതിരിയ്ക്കുകയോ, പതിനഞ്ചു കൊല്ലത്തിനകം യാതൊരു സന്താനവുമുണ്ടാകാതിരിയ്ക്കുകയോ, ജാതിഭ്രഷ്ടു് സംഭവിയ്ക്കുകയോ ചെയ്താൽ മറെറാരു വിവാഹം ചെയ്യാമെന്നു ബില്ലിൽ പറയുന്നുണ്ടു്. എന്നാൽ ജാതിഭ്രഷ്ടു് ഒഴിച്ചു ബാക്കിയുള്ള ഘട്ടങ്ങളിൽ പുനർ വിവാഹം അനുവദിക്കാൻ പാടുള്ളതല്ല. ഏതെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ദിനം അഞ്ചുകൊല്ലത്തെയ്ക്കു സുഖപ്പെട്ടുന്നതല്ലെന്നു തീരുമാനിയ്ക്കുന്നതാരാണു്? അതൊക്കെ അനാവശ്യമായ വിഷമതകൾ ഉണ്ടാക്കിത്തീർക്കുകയേയുള്ളു. പത്തുകൊല്ലത്തേക്കോ പതിനഞ്ചു കൊല്ലത്തേക്കോ സന്താനമുണ്ടാകാതിരിയ്ക്കുക എന്നുള്ള കാരണങ്ങൾ വേണമെന്നു വയ്ക്കുന്നപക്ഷം ഉണ്ടാക്കിത്തീർക്കാവുന്നവയാണു്. ജാതിഭ്രഷ്ടു വന്നുപോയാൽ നിവൃത്തിയില്ല. അതുകയാൽ, ആ ഒരു സംഗതിയിലൊഴികെ, മറ്റു യാതൊരു കാരണത്താലും ഒരു ഭാര്യ ജീവിച്ചിരിയ്ക്കുമ്പോൾ രണ്ടാമതൊരു വിവാഹം അനുവദിച്ചുകൂടാ എന്നാണു് അവർ അഭിപ്രായപ്പെട്ടതു്.

അവരുടെ മറ്റൊരു വാദം കുടുംബസ്വത്തിന്റെ വിഭജനത്തെപ്പറ്റിയായിരുന്നു. വേർതിരിഞ്ഞു താമസിയ്ക്കുന്ന താവഴികൾക്കു് വീതിച്ചുകിട്ടുന്ന വസ്തുക്കളിൽനിന്നു് ആദായം പറ്റുന്നതിനുമാത്രം അവകാശമുണ്ടായിരുന്നാൽ പോരാ. അങ്ങിനെ ആയാൽ പല വിഷമതകളും നേരിടുന്നതാണു്. മാത്രമല്ല; ഫണ്ടു കൊല്ലം കൂടുമ്പോൾ വീണ്ടും ഉടച്ചുവീതിയ്ക്കണമെന്നുള്ള വ്യവസ്ഥചെയ്തിരിയ്ക്കുന്നു. ഓരോ താവഴിയും അതാതിന്റെ സ്വത്തുക്കൾ ദേഹണ്ഡിച്ചു് അഭിവൃദ്ധിപ്പെടുത്തുന്നതിനു ഇത്തരം വ്യവസ്ഥകൾ അധികം പ്രതികൂലമായിതീരുന്നതാണു്. അതുകൊണ്ടു് ക്രയവിക്രയ സ്വാതന്ത്ര്യത്തോടുകൂടിയ സ്വത്തു വിഭജനമാണു് വേണ്ടതു് എന്നായിരുന്നു അവരുടെ വാദത്തിന്റെ ചുരുക്കം.

കൂടാതെയും ബിൽ നിയമസഭയിൽ ആലോചനയ്ക്കു വരുമ്പോൾ മേൽപറഞ്ഞ സംഗതികൾ ആസ്പദമാക്കി വാദിയ്ക്കണമെന്നും അവർ എന്നോടു് ആവശ്യപ്പെടുകയുണ്ടായി. അതുകൊണ്ടാണു്, ഒരു ക്രിസ്ത്യാനിയായ ഞാൻ ഈ ബില്ല സംബന്ധിച്ചു് അല്പം പറയുന്നതിനു തുനിഞ്ഞതു്.

ഈ ബില്ലിനെപ്പറ്റി പല ആക്ഷേപങ്ങളും ചില ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പ്രസ്താവിയ്ക്കുകയുണ്ടായി. അവർ ചൂണ്ടിക്കാണിച്ചതുപോലെ പല ന്യൂനതകളും ഈ ബില്ലിൽ ഉണ്ടെന്നു വന്നേയ്ക്കാം. എന്നാൽ, മറ്റൊരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ വിധ ന്യൂനതകളെപ്പറ്റി പറയേണ്ട അവസരം ഇതല്ല. ബില്ലിന്റെ ഓരോ ഭാഗവും പ്രത്യേകം പ്രത്യേകം വിമർശിയ്ക്കേണ്ട ഭാരം സിലക്ടു കമ്മറിയ്ക്കാണുള്ളതു്. ബില്ലിന്റെ സാമാന്യവും ആസ്പദികവുമായ തത്വം നമ്മൾക്കു സ്വീകാര്യമായിട്ടാണെന്നപക്ഷം ബിൽ സിലക്ടു കമ്മറിയ്ക്കു് അയയ്ക്കുകയാണല്ലോ വേണ്ടതു്. കമ്മറിയുടെ ഭേദഗതികളോടുകൂടി തിരിച്ചു വരുമ്പോൾ ബില്ലിന്റെ ഓരോ ഭാഗവും പ്രത്യേകമെടുത്തു് വാദപ്രതിവാദം ചെയ്യുന്നതിനു് നമ്മൾക്കു ധാരാളം സൌകര്യം സിദ്ധിയ്ക്കുന്നതാണല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

പ്രണയത്തിന്റെ ഒഴുക്കു തടയുവാൻ ആർക്കെങ്കിലും സാധിയ്ക്കുമോ എന്നു ബില്ലിനെപ്പറ്റി ആക്ഷേപിച്ചുകൊണ്ടു് ബഹുമാനപ്പെട്ട ഇഞ്ചുവപ്പേരൂർ മെമ്പർ ചോദിയ്ക്കുകയുണ്ടായി. ഇന്നു നമ്പൂതിരി സമുദായത്തിൽ എഴുപതും എഴുപത്തഞ്ചും വയസ്സായ പുരുഷന്മാർ പത്തും പതിനഞ്ചും വയസ്സുള്ള സ്ത്രീകളെ വിവാഹം ചെയ്യുവരുന്നു. ഇത്തരം വിവാഹങ്ങളിൽ പ്രണയത്തിന്റെ ഒഴുക്കു് എത്രമാത്രമുണ്ടെന്നു് നമുക്കേവർക്കും ബോദ്ധ്യമുള്ള സംഗതിയാണല്ലോ. (ചിരി) പ്രണയത്തെ തടയുന്നതിനു് ഒരുത്തനും സാദ്ധ്യമല്ല്. തടഞ്ഞാൽ അതു് വലിയ ഒരു പ്രളയമായിത്തീർന്നു് സകല പ്രതിബന്ധങ്ങളേയും ചിതറിച്ചുകളയും. അതുകൊണ്ടു് പ്രണയത്തെ തടയുന്നതു് വിഹിതമല്ല. എവിടേയെങ്കിലും യഥാർത്ഥവും നിർമ്മലവുമായ പ്രണയമുണ്ടെന്നു കണ്ടാൽ ആ പ്രണയത്തെ ഒരിയ്ക്കലും ഒരു പ്രകാരത്തിലും തടയുവാൻ പാടില്ല. പക്ഷേ മുൻപ്രസ്ഥാവിച്ച വിവാഹങ്ങളിലുള്ള പ്രണയം ഇതൊന്നുമല്ല. അതു് സ്വാർത്ഥതയും ദ്രവ്യാഗ്രഹവുമാണു്. ഈ വിധ സംഗതികൾ വിസ്തരിച്ചുപറയുന്നപക്ഷം ഞാൻ നമ്പൂതിരി സമുദായത്തെ ആക്ഷേപിയ്ക്കുകയാണെന്നു് ആ സമുദായത്തിൽപ്പെട്ട വല്ലവർക്കും തോന്നുവാനിടയുണ്ടു്. അതുകൊണ്ടു് ഈ കാര്യത്തിൽ ഞാൻ ഒന്നുമാത്രമേ പറയുന്നുള്ളു. ശരിയായ പ്രണയത്തെ തടയുവാൻ പാടില്ല. പക്ഷേ ശരിയായ പ്രണയമല്ലെന്നു ബോദ്ധ്യപ്പെട്ടാൽ തടയുകയും വേണം.

ഈ മാതിരി സാമുദായികപരമായ പരിഷ്കാരങ്ങൾക്കു് ഗവർമ്മെൻറു് മുന്നിട്ടുനിന്നു പ്രവർത്തിക്കേണ്ട ആവശ്യമുണ്ടോ എന്നു ഒരു പക്ഷേ ചിലർ ചോദിച്ചേക്കാം. ഇഷ്ടമില്ലാത്ത പരിഷ്കാരത്തെ തടയുന്നതിനു സാധാരണയായി കൊണ്ടുവരാറുള്ള ഒരു മുടന്തൻ ന്യായമാണിതു്. പണ്ടു് ജനങ്ങളുടെ ഇടയിൽ ഒരു തെറ്റിദ്ധാരണയുണ്ടായിരുന്നു. സാമുദായികപരമായ കാര്യങ്ങൾ ഗവർമ്മെൻറിന്റെ ഉത്തരവാദങ്ങളേയോ, അധികാരങ്ങളേയോ, ചുമതലകളേയോ പരിധിക്കുള്ളിൽ പെടുന്നില്ലെന്നായിരുന്നു ആ ധാരണ. എന്നാൽ ഇപ്പോഴാകട്ടെ ഗവർമ്മെൻറു തന്നെ മുന്നിട്ടുനിന്നു് സാമുദായികപരമായ പല പ്രവൃത്തികളും നടത്തേണ്ടതാണെന്നു് ബഹുജനങ്ങൾക്കു് ബോദ്ധ്യം വന്നിട്ടുള്ള ഒരു കാലമാണു്. അങ്ങിനെ ഗവർമ്മെൻറു് മുന്നിട്ടു പ്രവർത്തിക്കേണ്ട കാര്യങ്ങൾക്കു് ഒരു അതിരുമില്ലെന്നല്ല ഞാൻ പറയുന്നതു്. മറെറാരു വിധം പറഞ്ഞാൽ സാമുദായികമായ എല്ലാകാര്യങ്ങളും ഗവർമ്മെൻറു് നേരിട്ടു നടത്തണമെന്നല്ല എന്റെ അഭിപ്രായം. പിന്നെയോ, അങ്ങിനെയുള്ള പല കാര്യങ്ങളും ഗവർമ്മെൻറിൽനിന്നു നടത്തേണ്ടതുണ്ടു എന്നുമാത്രമാണു്.

LIBRARY ARCHIVES Kerala Legislative Assembly

വിണ്ടും സാമുദായിക പരിഷ്കാരങ്ങൾ ജനങ്ങളുടെ സ്വതന്ത്രമായ അഭിപ്രായഗതിയനുസരിച്ചു വരേണ്ടതല്ലേ; അല്ലാതെ ഗവൺമെൻറ് ഈവക കാര്യങ്ങളിൽ വ്യക്തികളെ നിർബ്ബന്ധിയ്ക്കുന്നത് വിഹിതമാണോ, എന്നു് മറുചിലർ ചോദിച്ചേയ്ക്കാം. അതിലേയ്ക്കു് ഒന്നാമതായി എനിയ്ക്കു പറയുവാനുള്ളതു്, ഏതൊരു സാമുദായത്തിലും എല്ലാവ്യക്തികളുടേയും സമ്മതം സിദ്ധിച്ചിട്ടു മാത്രമേ ഒരു പരിഷ്കാരം നടപ്പാക്കാവൂ എന്നു വന്നാൽ അതു് ഒരിയ്ക്കലും സാധിയ്ക്കുന്നതല്ല എന്നുള്ളതാണു്. നിർബ്ബന്ധവിദ്യാഭ്യാസം ഇതിനു് ഒരുദാഹരണമാണു്. മനസ്സുണ്ടെങ്കിൽ നിർബ്ബന്ധം കൂടാതെതന്നെ എല്ലാവർക്കും സ്കൂളിൽ പോകാവുന്നതാണു്. എന്നിട്ടും ഈ വിഷയത്തിൽ പലേടത്തും നിർബ്ബന്ധം ആവശ്യമായിവരുന്നില്ലേ. നായർ റഗുലേഷൻ, ക്രിസ്ത്യൻ പിന്തുടർച്ച റഗുലേഷൻ ഇവയും സാമുദായിക കാര്യങ്ങളിൽ നിർബ്ബന്ധനിയമം ആവശ്യമാണെന്നുള്ളതിനു് ഉദാഹരണങ്ങളാണു്. നായർ റഗുലേഷൻതന്നെ വലിയൊരു അബദ്ധമായിട്ടാണു് പരിണമിച്ചിരിയ്ക്കുന്നതു്. അതറിഞ്ഞുംകൊണ്ടു് അതേ അബദ്ധത്തിൽതന്നെ നമ്പൂതിരിമാരും ചെന്നു ചാടണമോ, എന്നാണു് ബഹുമാനപ്പെട്ട തുല്യുവപേക്ഷർ മെമ്പർ ചോദിയ്ക്കുന്നതു്. ഈ ബില്ലുകൊണ്ടു് ഉദ്ദേശിയ്ക്കുന്നതായ സാമുദായിക പരിഷ്കാരം നമ്പൂതിരി സമുദായത്തിനു് ഇപ്പോൾ ആവശ്യമാണോ അല്ലയോ, എന്നു പറയുന്നതിനുള്ള കൂടുതൽ അവകാശം നമ്പൂതിരിമാർക്കുതന്നെയാണു് എന്നു മാത്രമേ ഈ ചോദ്യത്തിനു് സമാധാനം പറയേണ്ടതുള്ളൂ. നമ്പൂതിരി സമുദായത്തിൽ ആരുംതന്നെ ഈ പരിഷ്കാരങ്ങൾ ആവശ്യപ്പെടാത്തപക്ഷം, ആരുംതന്നെ അവയ്ക്കുവേണ്ടി മുന്നിട്ടു വരാത്തപക്ഷം ഗവൺമെൻറിൽനിന്നു് അവയെ ഒരു നിയമംമൂലം അവരുടെ തലയ്ക്കു വച്ചുകെട്ടുന്നതു് സാഹസമായിരിയ്ക്കും. എന്നാൽ പരിഷ്കൃതാശയന്മാരായ നമ്പൂതിരിമാർ സമുദായോദ്ധാരണത്തിനുവേണ്ടി പ്രയത്നിയ്ക്കുകയും പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനു് പരിശ്രമിയ്ക്കുകയും ചെയ്യുന്ന അവസരത്തിൽ ഏതാനും യാഥാസ്ഥിതികന്മാർ മാത്രം അവയ്ക്കെതിരായി മുഷ്ടി ചുരുട്ടിയ്ക്കുന്നപക്ഷം അതടസ്ഥം തീർത്തു് അത്തരക്കാരേയുംകൂടി ഉന്മൂലനം ചെയ്യുന്നതിനു് ഒരു നിയമം ആവശ്യമായിവരുന്നു. അങ്ങിനെയുള്ള അവസരത്തിലാണു് ഗവൺമെൻറ് സമുദായിക പരിഷ്കാരകാര്യങ്ങളിൽ ഇടപെട്ടു പ്രവർത്തിയ്ക്കേണ്ട ആവശ്യം നേരിടുന്നതു്.

നമ്പൂതിരി സമുദായത്തിൻറെ ഇന്നത്തെ സ്ഥിതിയെപ്പറ്റി ചിന്തിയ്ക്കുന്നപക്ഷം അവർക്കു് ഗവൺമെൻറിൽനിന്നു പലേ പരിഷ്കാരങ്ങളും ചെയ്തുകൊടുക്കേണ്ടതായിട്ടുണ്ടെന്നു വിശദമാകുന്നതാണു്. തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷു് മലബാർ എന്നീ സ്ഥലങ്ങളിലെ നമ്പൂതിരിമാർ സമുദായകാര്യങ്ങളിൽ ഇപ്പോഴുംതന്നെ

LIBRARY ARCHIVES Kerala Legislative Assembly

വളരെ ഉണർവ് കഴിഞ്ഞിരിയ്ക്കുന്നു. ഏതാനും കൊല്ലങ്ങൾക്കു മുമ്പ് എനിയ്ക്കു നമ്പൂതിരിമാരുടെ ഒരു സഭയിൽ സന്നിഹിതനാകുന്നതിനും ഒരു ചെറു പ്രസംഗം ചെയ്യുന്നതിനും അവസരം ലഭിയ്ക്കുകയുണ്ടായി. അന്നതന്നെ അവരുടെ ഇടയിൽ സാമുദായപരമായ ഉണർവ്വ് എത്രമാത്രം ഉണ്ടായിരുന്നുവെന്ന് എനിയ്ക്കു ഏതാണ്ടു മനസ്സിലാക്കുവാൻ കഴിഞ്ഞു. അവരുടെ സമുദായ പത്രങ്ങൾ വല്ലപ്പോഴെങ്കിലും വായിയ്ക്കുന്നവർക്കും ഈ വസ്തുത ബോദ്ധ്യപ്പെടുന്നതാണ്. എന്റെ ചുരുങ്ങിയ നേരിട്ടനുഭവവും ഇതുതന്നെയാണ്. സമുദായ പരിഷ്കാരം അത്യാവശ്യമാണെന്നുള്ള അഭിപ്രായം നമ്പൂതിരിമാരുടെ ഇടയിൽ പ്രബലപ്പെട്ടു കഴിഞ്ഞിരിയ്ക്കുന്നു. യഥാസ്ഥിതികന്മാർ എന്നു സങ്കല്പിക്കപ്പെടുന്ന പഴവന്മാരിൽ തന്നെയും അത്തരം പരിഷ്കാരത്തെ എതിർക്കുന്നവരായി അധികമാളുകളെ കാണുന്നതല്ല. ഞാൻ മുമ്പു പ്രസ്താവിച്ചതുപോലെ അന്നമനട കൂടിയ നമ്പൂതിരി നേതാക്കന്മാർ ഈ ബില്ലിനെ എതിർക്കുമെന്നാണ് ഞാൻ ശങ്കിച്ചതു്. പക്ഷേ അവരെല്ലാവരും ആതിനെ അനുകൂലിയ്ക്കുകയാണുണ്ടായതു്. അതുകൊണ്ടു് നമ്പൂതിരി സമുദായത്തിലെ ഭൂരിപക്ഷം ജനങ്ങളും ഈ ബില്ലനുസരിച്ചുള്ള സമുദായ പരിഷ്കാരത്തിനു് അനുകൂലികളാണെന്നു് അനുമാനിക്കേണ്ടിയിരിയ്ക്കുന്നു, ചുരുങ്ങിയ ഒരു ന്യൂനപക്ഷം മാത്രമേ പ്രതികൂലികളായി കാണുകയുള്ളൂ. ആകയാൽ ഭൂരിപക്ഷം ജനങ്ങളുടെ അഭിപ്രായത്തെ അനുകൂലിച്ചും, സമുദായത്തിന്റെ പൊതുഗുണത്തെ ഉദ്ദേശിച്ചും ഈ ബില്ലിനെ നാമെല്ലാവരും പിൻതാങ്ങേണ്ടതാണ്. നമ്പൂതിരി സമുദായത്തിന്റെ ഉൽക്കർഷത്തിൽ വാഞ്ഛയുള്ള മാന്യമെമ്പർമാർ എല്ലാവരും ആ ഉൽക്കർഷസാദ്ധ്യത്തിനു പയ്യാപ്തമായ ഈ ബില്ലിനെ അനുകൂലിയ്ക്കുമെന്നാണ് എന്റെ പ്രതീക്ഷ.

ഈ അവസരത്തിൽ ബില്ലിലെ വ്യവസ്ഥകൾ ഓരോന്നായി എടുത്തു വിമർശിക്കേണ്ട ആവശ്യമില്ല. എങ്കിലും ബഹുമാനപ്പെട്ട തൃശ്ശിവപേരൂർ മെമ്പർ അത്തരം ചില പ്രത്യേക ആക്ഷേപങ്ങൾ പുറപ്പെടുവിയ്ക്കുകയുണ്ടായി. അവയിൽ ഒന്നു് ഇല്ലത്തിലെ കാരണവൻ ഇല്ലം വക വരവു ചിലവുകളുടേയും മറ്റും കണക്കു വക്കണമെന്നുള്ള നിബന്ധനയെപ്പറ്റിയാണ്. ഈ അവസരത്തിൽ അതിനു മറുപടി പറയേണ്ട ആവശ്യമില്ല. എങ്കിലും രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. ഞാൻ ഈ വിഷയത്തെപ്പറ്റി അന്നമനട കൂടിയ നമ്പൂതിരിമാരോടു പ്രത്യേകിച്ചു ചോദിയ്ക്കുകയുണ്ടായി. അവരുടെ മറുപടി വളരെ യുക്തിയുക്തമായിരുന്നു. ശരിയായ ഭരണം നടക്കുന്ന ഒരു നമ്പൂതിരി കുടുംബമാണെങ്കിൽ അവിടെ വരവു ചിലവുകൾക്കു് ഒരു കണക്കുണ്ടായിരിയ്ക്കേണ്ടതല്ലേ, അതുകൊണ്ടു് അതിലേയ്ക്കു് ഒരു നിയമവും കൂടി ഉണ്ടാവുന്നതിൽ ഒട്ടുംതന്നെ അനൌ

LIBRARY ARCHIVES Kerala Legislative Assembly

ചാത്തമില്ല. പിന്നെ ഒന്നുള്ളത് ഈ കണക്കുകൾ അനന്തരവന്മാരെ കാണിക്കണമെന്നുള്ളതാണ്. അങ്ങിനെ കാണിക്കേണ്ടതു കൊല്ലത്തിൽ ഒരിക്കൽ മാത്രമാണ്. അതും ന്യായമായ ഒരു വ്യവസ്ഥയാണെന്നു അവർ അഭിപ്രായപ്പെട്ടു.

ഇങ്ങനെ ബില്ലിലെ നിബന്ധനകൾ ഓരോന്നായി എടുത്തു വിമർശിച്ചതിനുശേഷമാണ് അവർ ബില്ലിനെ സാമാന്യമായി അനുകൂലിച്ചിട്ടുള്ളത്. അവരുടെ പ്രതിനിധി എന്ന നിലയിലും, പൊതുവിൽ നമ്പൂതിരി സമുദായത്തിന്റെ ഒരു ഗുണകാംക്ഷി എന്ന നിലയിലും ഞാനും ഈ ബില്ലിനെ അനുകൂലിക്കുകയും അതിന്റെ ഉൽഗതി ഹാർദ്ദമായി കാംക്ഷിക്കയും ചെയ്യുന്നു. സിലക്ട് കമ്മിറ്റിയുടെ ഭേദഗതികളോടുകൂടി ബില്ലു തിരിച്ചു വരുമ്പോൾ അതിലെ ഓരോ വ്യവസ്ഥയെപ്പറ്റിയും പ്രത്യേകം വാദപ്രതിവാദം നടത്തി തീരുമാനിക്കുന്നതിനുള്ള അവകാശവും സൌകര്യവും ഈ സഭയ്ക്കു ഉണ്ടായിരിയ്ക്കുന്നതാണല്ലോ. അതിനാൽ ഈ ബില്ലു സിലക്ട് കമ്മിറ്റിയെ ഏല്പിക്കേണ്ടതാണെന്നുള്ള ഉപക്ഷപത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

President.—Before the House is adjourned I would fix the time of the Select Committee appointed to consider the Irrigation Bill to 4 months. I forgot to mention the time before.

The House rose for lunch at 2 P. M. and met again at 3 P. M. with the Deputy President in the Chair.

Election of Members to the Standing Finance Committee for 1108 M. E.

Deputy President.—The first business is the election of the Members for the Standing Finance Committee. The Hon'ble Members are requested to propose three names from the non-official Members, to the Standing Finance Committee.

Mr. George Chakyamuri.—Sir, I propose the names of Messrs. M. Krishna Menon, Joseph Pettah and Dr. A. R. Menon.

Mr. M. K. Raman.—I second it.

Mr. K. Mohamed Seethi.—I beg to propose the names of Messrs. Joseph Pettah, Ikkanda Warriar and Dr. A.R. Menon.

Mr. T. K. Nayar.—I second it.

Deputy President.—Two are common in both the nominations. So the election of one among Messrs. M. Krishna Menon and E. Ikkanda Warriar alone is necessary.

Mr. M. Krishna Menon.—I beg to withdraw my name.

Deputy President.—Since Mr. Krishna Menon has withdrawn, there is no necessity for an election. Messrs. Joseph Pettah, E. Ikkanda Warriar and Dr. A. R. Menon are elected

LIBRARY ARCHIVES Kerala Legislative Assembly

as Members for the Standing Finance Committee and at the same time I am to draw your attention that there is a printer's error in the agenda. It is noted there "election of Members of the Standing Finance Committee for 1108." The date ought to be from this date up to the election of a committee in the next year. It is not the calendar year 1108. The official Members are the same, *viz.*, the Secretary to the Diwan, the Comptroller of Accounts and the Council Secretary.

Cochin Nambudiri Bill (*cont.*)

Deputy President.—Now we shall proceed with the discussion on the Nambudiri Bill.

മിസ്റ്റർ ടി. കെ. നായർ.—ഇതിനെ സംബന്ധിച്ചു, എന്റെ നിയോജകമണ്ഡലത്തിൽ അധികം നമ്പൂതിരിമാർ ഇല്ലാത്തതുകൊണ്ടും, അവരോടു ഇടപഴക്കമില്ലാത്തതുകൊണ്ടും അവരുടെ അവശതകളെ സംബന്ധിച്ചോ മറ്റോ അറിയുവാൻ എനിയ്ക്കു കഴിഞ്ഞിട്ടില്ല. ഈ ബിൽ ഇവിടെ അവതരിപ്പിച്ച ബഹുമാനപ്പെട്ട മെമ്പറും ഇതിലേയ്ക്കു വേണ്ടി പ്രത്യേകിച്ചു നിയമിച്ച മെമ്പറും ഇതിനെ സംബന്ധിച്ചു പ്രസംഗിച്ചതു കേട്ടപ്പോൾ അവരുടെ സങ്കടസ്ഥിതിയെപ്പറ്റി നല്ലപോലെ മനസ്സിലായി. ഇതിനെ എതിർത്ത മെമ്പർമാർ വല്ലതും ഈ വിഷയത്തെ സംബന്ധിച്ചു പറയുമെന്നു വിചാരിച്ചു അവരുടെ പ്രസംഗങ്ങളും ഞാൻ ശ്രദ്ധയോടുകൂടി കേട്ടു. അതിൽനിന്നെല്ലാം എനിയ്ക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു", അവർ ഇതിനെ എതിർക്കുകയല്ല, അനുകൂലിയ്ക്കുകയാണു; അതല്ലെങ്കിൽ അത" രണ്ടും കൂടിയാണു ചെയ്തിട്ടുള്ളതെന്നാണു". ആദ്യം തീരെ എതിർത്തിട്ടില്ല, തീർച്ചയാണ്." ഇതിൽ ചില ഭാഗങ്ങൾ ദോഷമാണു"; ചിലത" ദോഷമില്ല. ഇതൊക്കെയാണെങ്കിലും ഞാൻ എതിർക്കുന്നു. ഈ ബില്ലു വേണ്ടതാണു". എന്നാൽ അതു വേറൊരു തരത്തിലായിരുന്നു വേണ്ടതു". അതുകൊണ്ടു ഞാൻ ഇതിനെ എതിർക്കുന്നു. എന്നൊക്കെയാണ" പറഞ്ഞതു". ഇതിന്റെ സാരം എനിയ്ക്കു മനസ്സിലാകുന്നില്ല. ഈ വിഷയത്തെ സംബന്ധിച്ചു ബഹുമാനപ്പെട്ട തുഞ്ചിവപേരൂർ മെമ്പർ നിയമങ്ങളെ സംബന്ധിച്ചുള്ള വളരെ കാര്യങ്ങളും അതിൽ നിന്നും വകുപ്പുവകുപ്പായി എടുത്തും ഇവിടെ സംസാരിയ്ക്കുകയുണ്ടായി. ഈ ബില്ലിലെ ചില വകുപ്പുകളിൽ പല ദോഷങ്ങളും അദ്ദേഹം പറഞ്ഞതിൽ നിന്നും എനിയ്ക്കു മനസ്സിലായി. അതിനെ മാറുവാനായിട്ടാണു" സിലക്ട്" കമ്മിറ്റിയെ നിയമിയ്ക്കുന്നതു". ഇവിടെ പറഞ്ഞതു പോലെ ചില ദോഷങ്ങളും ഈ ബില്ലിൽ ഉണ്ടാകാം. ഒരു ശരിയായ ബിൽ വന്നാൽ പിന്നെ അതു സിലക്ട് കമ്മിറ്റിയ്ക്കയയ്ക്കേണ്ട ആവശ്യം തന്നെയില്ല. ചില തെറ്റുകളൊക്കെ വരും. എന്തൊക്കെയാ

LIBRARY ARCHIVES Kerala Legislative Assembly

ണ് അതിലെ നീക്കുപോക്കുകൾ എന്നു അറിഞ്ഞു അഭിപ്രായവ്യത്യാസം തീർക്കുവാനാണ് ബില്ല് സിലക്ട് കമ്മിറ്റിയ്ക്കയയ്ക്കുന്നത്. അതുകൊണ്ടു മുൻകൂട്ടി ഇവിടെ വച്ചു തന്നെ തള്ളി കളയുവാൻ ഉദ്ദേശിക്കുന്നതു വലിയ കഷ്ടമാണ്. ഈ വിഷയത്തെ പറ്റി ഇതിനു മുമ്പു ഒരു ബില്ല് ഇവിടെ അവതരിപ്പിച്ചുത് സിലക്ട കമ്മിറ്റിയ്ക്ക് കൊടുക്കുകയുണ്ടായി. പക്ഷെ നിയമസഭയുടെ കാലം അവസാനിച്ചതോടു കൂടി ആ ബില്ലും നശിച്ചുപോയി. ഇപ്പോൾ ഇതാ രണ്ടു ബില്ല്! ആദ്യത്തിൽ ഒരു ബില്ല് കൊണ്ടുവന്നത് പാസ്സാകാഞ്ഞതു കൊണ്ടായിരിക്കാം ഇപ്പോൾ രണ്ടു ബില്ല് കൊണ്ടുവന്നിരിയ്ക്കുന്നത്. ഇപ്പോഴും ഇതിനെ പാസ്സാക്കാതിരുന്നാൽ അടുത്ത നിയമസഭയിൽ നാലൊ അഞ്ചൊ ബിൽ ഒന്നിച്ച് അവതരിപ്പിച്ചേക്കാം! അതിനു മുമ്പായി ഈ ബിൽ പാസ്സാക്കുന്നതായിരിക്കും നല്ലത്. നമ്പൂതിരി സ്ത്രീകളുടെ അവശതകളെ പരിഹരിക്കുവാനായി കഴിഞ്ഞ നിയമസഭയിൽ കൊണ്ടുവന്ന ബിൽ പാസ്സായതിനു ശേഷം നമ്പൂതിരി സ്ത്രീകൾ നിയമസഭയ്ക്കും മറ്റും വാമൊഴിയായും കുറെ ക്ഷമിച്ചിരുന്നു. പക്ഷെ ബിൽ പാസ്സായില്ല. ഇനി നമ്മുടെ കാര്യം പറയുവാൻ നമ്മളിൽ ഒരാൾ തന്നെ പോകാഞ്ഞാൽ കാര്യത്തിന്റെ സ്വഭാവം അറിയാതെ ബിൽ തള്ളിപ്പോയേക്കാമെന്നു കരുതിയായിരിക്കണം നമ്പൂതിരി സ്ത്രീകളിൽ ഒരാൾ തന്നെ ഇന്നു ഈ സഭയിലേക്ക് വന്നിട്ടുള്ളത്. അവരുടെ അനുഭവത്തെ പറ്റി പ്രസംഗിച്ചത് കേട്ടിട്ടുള്ളവർ ഒരാളെങ്കിലും ഇതിനെ എതിർക്കയില്ല. ഏതൊരു കഠിനഹൃദയനും അവരുടെ പ്രസംഗം കേട്ടാൽ മനസ്സലിഞ്ഞുപോകും. ഈ അവസരത്തിലാണ് കഴിഞ്ഞ തവണ സ്പെഷലായി നോമിനെറ്റ് ചെയ്ത തയ്യാട്ട് മൂസ്സ് അവർകൾ ഇവിടെ ഉണ്ടായിരിക്കേണ്ടതായിരുന്നത്. അദ്ദേഹം ഇന്നിവിടെ ഉണ്ടായിരുന്നുവെങ്കിൽ അവരുടെ സ്ത്രീജനങ്ങൾ അനുഭവിച്ചുവരുന്ന കഷ്ടതകളെപ്പറ്റിയുണ്ടായ പ്രസംഗം കേട്ടാൽ തീച്ചയായും അദ്ദേഹത്തിന്റെ കണ്ണിൽ നിന്നും വെള്ളം വീഴുമായിരുന്നു. നിർഭാഗ്യവശാൽ അദ്ദേഹം ഇന്നിവിടെ ഇല്ലാത്തത് ഭാഗ്യക്ഷയം തന്നെ.

നമ്പൂതിരി സ്ത്രീകളുടെ അവശതകളെപ്പറ്റി കേട്ടറിയുകയും ചോദിച്ചറിയുകയും ചെയ്തിട്ടുള്ളതല്ലാതെ അവർ തന്നെ അവരുടെ സങ്കടസ്ഥിതിയെപ്പറ്റി പറഞ്ഞു കേൾക്കുവാൻ ഇതുവരെ തരപ്പെട്ടിട്ടില്ല. അവരിൽ ഒരാൾ ഈ നിയമസഭയിൽ വന്ന് ഞങ്ങളുടെ സങ്കടങ്ങൾ ഇന്നിന്നവയാണ"; അതുകൊണ്ട് ഒരു പരിഹാരമായിട്ടാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത"; അതു പാസ്സാക്കിത്തരണം; എന്നു പറയുമ്പോൾ, ഈ ബില്ലിൽ എത്ര തന്നെ അബദ്ധങ്ങളുണ്ടെങ്കിലും അവയെ സിലക്ട് കമ്മിറ്റിക്കു കൊടുത്ത് ശരിപ്പെടുത്തി ഈ സഭയിൽ പാസ്സാക്കിക്കേണ്ടത് എല്ലാ മെമ്പർമാരു

LIBRARY ARCHIVES Kerala Legislative Assembly

ടെയും ചൂഷണമതലയാണ്. ഞങ്ങളുടെ സമുദായത്തിലെ ന്യൂനതകൾ പരിഹരിയ്ക്കുവാൻ ഈ ബിൽ പാസ്സാക്കി തരണമെന്നു പറയുമ്പോൾ നിങ്ങൾക്കതു വേണ്ട, അതു നന്നല്ല, പലേ തെറ്റുകളും ഉണ്ട് എന്നു മാത്രം പറഞ്ഞാൽ സമാധാനമാകുകയില്ല. തെറ്റുകളെ തീർത്ത് ശരിയായ രീതിയിൽ ഒരു ബിൽ പാസ്സാക്കി കൊടുക്കുന്നതാണ് നമ്മുടെ കടമ. ഇപ്പോൾ ഈ ബിൽ സിലക്ട് കമ്മിറ്റിക്ക് കൊടുക്കണമെന്നുള്ള അഭിപ്രായത്തെ ഞാൻ വളരെ ബലമായി പിൻതാങ്ങുന്നു.

മിസിസ് സാരീസ്.—ഞാൻ മലയാളം പറവാൻ ആരംഭിക്കുമ്പോളെക്കയും ചില കവിതകളാണ് ഓർമ്മയിൽ വരുന്നതു.

"തീ എരിയുന്ന കൊള്ളി കീഴാക്കി പിടിച്ചാലും ആയതിന്റെ ജ്വാല മേല്പോട്ടല്ലാണ്ടു" പോകുമോ?" എന്നു പഞ്ചതന്ത്രക്കാരൻ പറഞ്ഞതുപോലെ കഷ്ടപ്പെടുന്ന സ്ത്രീകളുടെ ആശ്വാസത്തിനായി എന്തും ചെയ്യുന്നതിനു് എന്റെ ഹൃദയം കത്തി എരിഞ്ഞും കൊണ്ടിരിയ്ക്കുന്ന ഈ അവസരത്തിൽ ഇന്നു ഞാൻ ഒന്നും മിണ്ടാതെ മൌനമായിരുന്നാൽ എനിയ്ക്കു ഇവിടെ ഇരിയ്ക്കുന്നതിനുകൂടെയും യോഗ്യതയില്ല.

ഈ നമ്പൂതിരിബില്ല എന്റെ കയ്യിൽ കിട്ടീട്ടു എട്ടു മാസത്തോളമായിരിയ്ക്കുന്നു. യോഗക്ഷേമം സഭയിൽ നിന്നും അയച്ചു തന്നിട്ടുള്ളതാണ്. എന്നാൽ എനിക്കു ഇവരുടെ ജാതിക്രമങ്ങൾ ഒന്നും അറിവില്ലായ്കയാൽ ആ ബില്ലു വായിച്ചപ്പോൾ ഒന്നും മനസ്സിലായില്ല. ആയതിനാൽ ഞാൻ പല നമ്പൂതിരിസ്ത്രീകളോടും പുരുഷന്മാരോടും ഈ ബില്ലിനെപ്പറ്റി ചോദിക്കയുണ്ടായി. അതിനെ ചിലർ ആക്ഷേപിക്കയാണ് ഉണ്ടായതു. എന്റെ ബുദ്ധിമോശം ഇരിയ്ക്കുന്നതു് ഒരു നമ്പൂതിരി ജന്മിയുടെ സ്ഥലത്താണ്. അദ്ദേഹം പറഞ്ഞതു് "മതാമ്മ ഈ സംഗതിയിൽ ഒന്നും പ്രവേശിക്കണ്ട. ഇതൊരു ഭയങ്കരമായ കാര്യമാണ്". ഇതു കേട്ടപ്പോൾ ഞാൻ ഭയന്നു എങ്കിലും കൊച്ചി സംസ്ഥാനത്തിന്റെ പകുതിയിലധികം ജനങ്ങളുടെ ഒരു റെപ്രസെന്ററീവ് ആയിരിയ്ക്കുന്ന ഞാൻ ഇതിൽ യാതൊരു അഭിപ്രായവും പറയാതിരുന്നാൽ നന്നല്ലല്ലൊ എന്നു വച്ചു ഞാൻ ഹിന്തു കോട്ടു മുഴുവൻ ഈ വയസ്സുകാലത്തു വായിച്ചു മനസ്സിലാക്കി. ഇന്നു ഇവിടെ ഒരു ചെറുപ്രായ സ്ത്രീ ഈ ബില്ലിനെപ്പറ്റി വളരെ ദീർഘമായി വിസ്തരിച്ചു് വായിച്ചു. ഇവിടെ ഉണ്ടായ പല പ്രസംഗങ്ങളും വളരെ ഭംഗിയിലായിരുന്നു. ആയതിനാൽ ഇതിനെ ഞാൻ എതിർക്കുന്നില്ല. എനിയ്ക്കു ഒരു സഹോദരിയെ കിട്ടിയതിനാൽ ഞാൻ വളരെ സന്തോഷിക്കുന്നു. എന്റെ പ്രസംഗം ഞാൻ ഇംഗ്ലീഷിലാണ് എഴുതിക്കൊണ്ടുവന്നിരിയ്ക്കുന്നതു. ഹിന്തുലൊ എഴുതിയിരിക്കുന്നതു ഇംഗ്ലീഷ്മാൻ ആണ്. അതിൽ നിന്നും ഞാൻ പലതും എടുത്തിട്ടുണ്ടു. അതു ഞാൻ ഇവിടെ വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

Deputy President.—Once you commence in one language you must continue in the same language.

മിസിസ് സ്വാരിസ്".—എന്നാൽ ഞാൻ പണ്ടു ഒരു (entertainment) ൽ കവിത ഭാഷാന്തരം ചെയ്തു പറഞ്ഞതുപോലെ പറയാം. "ഒരു വൃക്ഷത്തെ അതിന്റെ ഫലം കൊണ്ടാണ് അറിയുന്നതു. ഒരു ജനത്തിന്റെ മഹിമയും ജീവിതക്രമവും കൊണ്ടു അവരുടെ (culture).—

ഡെപ്യൂട്ടി പ്രസിഡൻറ്".—മലയാളം.

മിസിസ് സ്വാരിസ്".—ഇവിടെ പലരും ഇംഗ്ലിഷും മലയാളവും ഉപയോഗിക്കുന്നുണ്ടല്ലൊ.

ഡെപ്യൂട്ടി പ്രസിഡൻറ്".—റെഗുലേഷന വിരോധമാണ്".

Mrs. Swaris.—Now I shall read my speech in English.

Deputy President.—Once you commence in one language you must continue in the same language.

Mr. Joseph Pettah.—May not an extract be quoted from English in the course of a Malayalam speech?

Deputy President.—Yes. But the Hon'ble Member said that she is going to read her speech in English. I rule that when a speech is begun in one language it should be continued in the same language.

Mrs. Swaris.—These are quotations from the Hindu Code. I shall first give the English passage and then the Malayalam translation.....

Deputy President.—Under the General Rules of Procedure and Maintenance of Order my ruling is that you should speak in Malayalam, since you commenced it in Malayalam.

Mrs. Swaris.—It is very difficult to translate.....

Deputy President.—May I draw the attention of the Hon'ble Member to my ruling?

Mrs. Swaris.—Then I shall stop.

Deputy President.—Thank you.

മിസ്റ്റർ കെ. മുഹമ്മദ് സീതി.—സർ, ഇന്നത്തെ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഉള്ള എതിരഭിപ്രായങ്ങൾ കേട്ടപ്പോൾ എനിയ്ക്ക് ഒരു കഥയാണ് ഓർമ്മയിൽ വന്നതു്.

"ഈ മഹായുദ്ധത്തിൽ ഒരു പടയാളി മരിച്ചുപോയി എന്നു് യുദ്ധക്കളത്തിൽ വച്ചു ഡാക്ടർ അഭിപ്രായപ്പെട്ടു. വാസ്തവത്തിൽ അയാൾ മരിച്ചിട്ടില്ലായിരുന്നു. ഉടനെ അയാളെ കുഴിയിൽ ഇട്ടു മൂടണം എന്നു് തീരുമാനിച്ചു. അതിലേയ്ക്ക് ഒരു കുഴി എടുത്തു. ആ കുഴിയിൽ അയാളെ കൊണ്ടുചെന്നു" ഇടുവാൻ ഭാവിച്ചപ്പോൾ അയാൾ ഞാൻ മരിച്ചിട്ടില്ല എന്നു പറഞ്ഞു. കുഴിയിൽ കൊണ്ടുപോയി ഇടുവാനായി ഇയാളെ എടുത്തിരുന്ന ആളുകൾ നീ മരിച്ചുപോയി എന്നു ഡാക്ടർ പറഞ്ഞിരിയ്ക്കുന്നു. അതുകൊണ്ടു് നീ മരിച്ചിട്ടില്ലെന്നു പറഞ്ഞാൽ ഞങ്ങൾ സമ്മതിയ്ക്കയില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറഞ്ഞു വീണ്ടും കുഴിയിൽ ഇടുവാൻ ഭാവിച്ചു. പിന്നീടു എന്തൊ നല്ല കാലം കൊണ്ടു വേറെ കുറെ ആളുകളുടെ സഹായത്തോടു കൂടിയാണ" അയാൾ കുഴിയിൽ പോകാതെ രക്ഷപ്പെട്ടതു"''.

അതുപോലെ നമ്പൂതിരി സമുദായക്കാർ ഈ ബിൽ ഞങ്ങൾക്കു ഗുണമാണ". ഇതു വേണ്ടതാണ". അതുകൊണ്ടു ഞങ്ങളെ സഹായിയ്ക്കണം എന്നു പറഞ്ഞു. അപ്പോൾ നമ്പൂതിരിമാരല്ലാത്ത ആളുകൾ ഇതു ദോഷമാണ", എന്നും പറയുകയുണ്ടായി. ഈ സന്ദർഭത്തിൽ എന്താണ" തീർച്ചയാക്കേണ്ടതെന്നുള്ള സംഭാഷണങ്ങൾ അല്ല ഇവിടെ നടന്നതു". ആ സാധുവായ പടയാളിയുടെ ശവസംസ്കാരത്തിനു ഭാവിച്ചതുപോലെ ആ പടയാളിയുടെ സ്ഥാനത്താണ" നമ്പൂതിരി സമുദായം നില്ക്കുന്നതു". ഈ ബിൽ നമ്പൂതിരി സമുദായത്തിനു വേണ്ടിയുള്ളതാണ". അവരുടെ കായ്മയതുകൊണ്ടു" അവർ പറയുന്ന അഭിപ്രായഗതിയെ അനുകൂലിയ്ക്കയും സഹായിയ്ക്കയും വേണ്ടതാണെന്നാണ" എന്റെ അഭിപ്രായം.

ഞാൻ ഈ ബില്ലിനെ അനുകൂലിച്ചു സംസാരിയ്ക്കുന്നതു" ഒരു പ്രത്യേക കാരണത്തെ ഓർത്താണ". എന്റെ നിയോജകമണ്ഡലം വാസ്തവത്തിൽ സ്ത്രീ ജനങ്ങളുടെ നിലയെ സംബന്ധിച്ചിടത്തോളവും സമുദായത്തിന്റെ പൊതുവായ നിലയെ സംബന്ധിച്ചിടത്തോളവും നമ്പൂതിരിമാരോടു സാമ്യമുള്ള ഒരു സമുദായമാണ". അതുകൊണ്ടു" നമ്പൂതിരി സമുദായത്തെ ഈ വക വൈഷമ്യങ്ങളിൽ നിന്നും മോചിപ്പിയ്ക്കുവാനുള്ള കായ്ത്തിൽ സഹതപിയ്ക്കുകയും സഹകരിയ്ക്കുകയും ചെയ്യുന്നതു" പരോക്ഷമായിട്ടെങ്കിലും എന്റെ സമുദായത്തിനു വേണ്ടി ചെയ്യുന്ന ഒരു പരിശ്രമമായിരിയ്ക്കുമെന്നാണു" എന്റെ വിശ്വാസം. പക്ഷെ എന്റെ സമുദായത്തെ സംബന്ധിച്ചിടത്തോളം സ്ത്രീജനങ്ങളുടേയും സമുദായത്തിലുള്ള ഓരോ വ്യക്തികളുടേയും ഉന്നമനത്തിനു എന്റെ സാമുദായിക നിയമങ്ങൾ ഒരിയ്ക്കലും പ്രതിബന്ധമായിരിയ്ക്കുന്നില്ല. മതനിയമങ്ങളും പ്രതിബന്ധങ്ങളല്ല. സ്ത്രീകൾക്കു അവകാശം നൽകുകയെന്നുള്ളതു" ഇല്ലാതെയിരിയ്ക്കുമ്പോൾ അധിവേദനം ചെയ്യിക്കണമെന്നുള്ളതു" ഒരു മതപ്രമാണമാണ". വിദ്യാഭ്യാസവും അധിവേദനവും നിർബ്ബന്ധമായി ആജ്ഞാപിച്ചിട്ടുള്ള ഒരു മതമാണ". എങ്കിലും സമുദായം വിഷമിച്ചാണിരിയ്ക്കുന്നതു". അതിനാൽ നിയമമില്ലാതെകണ്ടു" കായ്ം സാധിക്കാമെന്നുള്ളതു" ഒരു വിധത്തിലും നിലനില്ക്കുകയില്ല.

പിന്നെ ഇതിനെ സംബന്ധിച്ചു ചില വൈഷമ്യങ്ങളെപ്പറ്റി പറഞ്ഞു. അതായതു" നമ്പൂതിരി ഇല്ലങ്ങളിൽ പശുക്കളെ വില്ക്കയും വാങ്ങിയ്ക്കയും ചെയ്യുന്നതിനെപ്പറ്റിയാണ". ഒരു പ

LIBRARY ARCHIVES Kerala Legislative Assembly

ത്തുവിനെ വിറ്റിട്ട് വേറൊരു പശുവിനെ വാങ്ങുക എന്നുള്ളതു പ്രയാസമാണെന്നു പറയുകയുണ്ടായി. വേറെ പല ക്രയവിക്രയങ്ങളും നടക്കുന്നുണ്ട്. ഇങ്ങനെ പല വൈഷമ്യങ്ങളും ഉണ്ടാക്കാൻ സിലക്ട് കമ്മിറ്റിയുടെ തന്നെ സാധിച്ചിട്ടുള്ളതുകൊണ്ടു് അതു പരിഹരിയ്ക്കുവാനായിട്ടു് സിലക്ട് കമ്മിറ്റിയുടെ എളുപ്പത്തിൽ സാധിയ്ക്കുന്നതാണു്. അതുകൊണ്ടു് ഈ ബില്ലിനെ സിലക്ട് കമ്മിറ്റിയുടെ കൊടുക്കണമെന്നുള്ള അഭിപ്രായത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. ഈ ബില്ലിനു് സകല വിജയങ്ങളും ഹൃദയപൂർവ്വം ആശംസിയ്ക്കുകയും ചെയ്യുന്നു.

Deputy President.—Do the Government Members speak?

Rama Varmha Tampuran.—We remain neutral.

Deputy President.—Then the mover may reply.

Mr. P. Krishna Menon.—There is no necessity for a reply. Rule 17 clearly says that.

Mr. C. J. Mathew.—That is with reference to motions for leave to introduce.

Mr. K. P. Kannan Nayar.—This is a motion for introducing the Bill. It is like any other motion, so that the Hon'ble Mover will have a right of reply if he has got a right of reply with reference to any other motion. If he wants to reply he must be given a right of reply. This is just like a resolution.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—ഈ ബില്ലിനെപ്പറ്റിയുള്ള നിരുപണം ഇനിയും ദീർഘിപ്പിയ്ക്കുവാൻ ഞാൻ വിചാരിയ്ക്കുന്നില്ല. ഒന്നരണ്ടു മാന്യമെമ്പർമാർ പുറപ്പെടുവിച്ചിട്ടുള്ള എതിരഭിപ്രായങ്ങളെ സംബന്ധിച്ചും ഞാൻ അധികമൊന്നും പറയുന്നില്ല. ഒരു സമുദായത്തിനു പ്രത്യേക നിയമനിർമ്മാണം ആവശ്യമൊ, ആവശ്യമെങ്കിൽ ഏതു് തരത്തിൽ എന്നെല്ലാം ആ സമുദായക്കാർ തന്നെയാണു് നിശ്ചയിക്കാൻ അർഹതയുള്ളവർ എന്നു മാന്യമുസ്ലീം മെമ്പർ അഭിപ്രായപ്പെടുകയുണ്ടായല്ലൊ. അതു് സാമാന്യതത്വങ്ങൾക്കു്, അഥവാ പബ്ലിക്കു് പോളിസിക്കു്, വിരോധമല്ലെങ്കിൽ അതിനെ അന്യസമുദായക്കാർ എതിർക്കേണ്ട ആവശ്യവും ഇല്ല. എന്നാൽ ഈ ബിൽ നമ്പൂതിരിമാരിൽ പല പ്രധാനികളുടേയും അഭിപ്രായമനുസരിച്ചുണ്ടാക്കീട്ടുള്ളതാണു്. ഇതിനെപ്പറ്റി ആലോചിയ്ക്കുവാനായി ദേശമംഗലം, ചിറ്റൂർ, ആലത്തൂർ, തയ്യൂട്ടു് മൂസ് എന്നു് തുടങ്ങി അഞ്ചാറു പേരടങ്ങിയ ഒരു കമ്മിറ്റിയെ സമുദായത്തിൽ നിന്നും തിരഞ്ഞെടുത്തിരുന്നു. ഞാൻ പലവിധേനയും ആവശ്യപ്പെട്ടിട്ടും മിസ്റ്റർ മൂസ് യാതൊരു സഹകരണവും ചെയ്യാതിരിക്കയാണുണ്ടായതു്. ഇപ്പോഴാണു് അദ്ദേഹം വിപരീതാഭിപ്രായം പുറപ്പെടീക്കുന്നതു്. എങ്കിലും സമുദായത്തിന്റെ സാമാന്യാനുകൂല്യം ഇതിനുണ്ടെന്നു ഞാൻ തീർത്തുപറയാം.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബിൽ മുമ്പിലത്തെ ബില്ലിനേക്കാൾ മോശമായിട്ടാണ് കാണുന്നതെന്നു രണ്ടുപേരും മെമ്പർ പറയുകയുണ്ടായി. മുമ്പിലത്തേതിൽ നിന്നും ഇതിൽ പല വ്യത്യാസങ്ങളും ചെയ്തിട്ടുണ്ട്. ഗുണപ്രദമാണെന്നു കണ്ടിട്ടാണ് ഇങ്ങിനെ വ്യത്യാസപ്പെടുത്തീട്ടുള്ളതു്. മുമ്പിലത്തെ ബില്ലിൽ അധിവേദനത്തിനു് യാതൊരു പരിഹാരവും ചെയ്തിരുന്നില്ല. ഇതിൽ അതിനു് വേണ്ട വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. പണ്ടത്തെ ശാസ്ത്രപ്രകാരം സന്തതി ഇല്ലാതെ വരുക, ജാതിഭ്രഷ്ടായി തീരുക എന്ന ചില ഘട്ടങ്ങളിലേ രണ്ടാം വിവാഹം കഴിയ്ക്കാവൂ. മനു, യാജ്ഞവല്ക്യൻ മുതലായ മഹാന്മാർ അനുവദിച്ചിട്ടുള്ള സന്ദർഭങ്ങളെല്ലാം ഇതിൽ എടുത്തു ചേർത്തിട്ടുണ്ട്. വധൂവരന്മാരുടെ വയസ്സു ക്രമത്തെ പറ്റി ക്ലിപ്തം ചെയ്തിട്ടുണ്ട്. ചെറുതുരുത്തി മെമ്പർ പറഞ്ഞു നിൽ ചിലപ്പോൾ വയസ്സായ ഒരു നമ്പൂതിരി ഫർ വയസ്സു പ്രായമുള്ള ഒരു സ്ത്രീയെ വിവാഹംചെയ്യുന്നു എന്നു്. അതെല്ലാം ഇപ്പോൾ സാധാരണയാണ് ഞങ്ങളുടെ ഇടയിൽ. രണ്ടുപേരും മെമ്പർ പറഞ്ഞതു് ഈവക സംഗതികൾക്കു നിയമം ബന്ധിയ്ക്കാതെ പാടില്ലാ എന്നാണു്. കഷ്ടം! കഷ്ടം! എന്നല്ലാതെ മറെറാന്നും പറയുന്നില്ല. നമ്പൂതിരി സമുദായത്തിൽ ഇന്നു അനുരാഗ വിവാഹമുണ്ടെന്നു സ്വപ്നം കണ്ടിട്ടു പറഞ്ഞതായിരിയ്ക്കാം. അല്ലാതെ അതിനു എന്തുമറുപടിയാണു് പറയേണ്ടതു്. ഫർ വയസ്സുള്ള ഒരു കന്യക വിവാഹസമയത്തു ഹോമകുണ്ഡത്തിന്റെ മുമ്പിൽവെച്ചു ഇതാ ഇപ്പുരുഷൻ തീയുടെ മുമ്പിൽ ഇരിയ്ക്കുന്ന ആളെ നോക്കു എന്നു പറയുന്ന അവസരത്തിൽ മാത്രമെ ആ വൃദ്ധനായ വരനെ കാണുകയുള്ളൂ. ഒരിയ്ക്കൽ ഒരു സ്ത്രീ പറഞ്ഞതു് താൻ കന്യകയായിരിയ്ക്കുമ്പോൾ വിവാഹസമയം ഇങ്ങിനെ ആളുമായി നോക്കിയപ്പോൾ തന്റെ മുത്തച്ഛനെയാണു് ഓമ്മവന്നതെന്നാണു്. കഴിഞ്ഞ സിലക്ട് കമ്മിറ്റിയിലെ എവിഡൻസ്സിൽതന്നെ നവ വയസ്സായ പുരുഷനും ൫൦ വയസ്സായ സ്ത്രീയും തമ്മിൽനടന്ന ഒരു വിവാഹത്തെപ്പറ്റി പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു നമ്പൂതിരി സമുദായത്തിൽ ഈവക വിവാഹങ്ങളിൽ അനുരാഗം ഉണ്ടെന്നു പറഞ്ഞാൽ ഞാൻ അതിനെന്താണു് പറയേണ്ടതു്? നമ്പൂതിരി സമുദായത്തിൽ അനുരാഗത്തോടു കൂടിയുള്ള ഒറ്റ വിവാഹമെങ്കിലും നടന്നിട്ടുണ്ടെന്നു ആരെങ്കിലും അവരുടെ ഹൃദയത്തിൽ കൈവെച്ചുകൊണ്ടു പറയുവാൻ സാധിയ്ക്കുമെന്നു എനിയ്ക്കു വിശ്വാസമില്ല. അതിൽ ഒരു മറുപടിയും പറയാനുമില്ല.

പിന്നെ ഒന്നു പറഞ്ഞിട്ടുള്ളതു് ഈ ബിൽ കൊണ്ടു സജാതി വിവാഹത്തിനു പ്രോത്സാഹനം ഉണ്ടാകയില്ലെന്നാണു്. മേലാൽ അധിവേദനം സാധിയ്ക്കയില്ലെന്നുവന്നാൽ തീച്ചയായും അച്ഛൻ മക്കളെ അനുജന്മാർക്കു കൊടുക്കു

LIBRARY ARCHIVES Kerala Legislative Assembly

മെന്ന തീരുമാനിയ്ക്കും. പലപ്പോഴും വിവാഹങ്ങൾ തീച്ചപ്പെടുത്തുന്നത് കാരണവരാണ്. അച്ഛനല്ല. ഒരിക്കൽ ഒരു കാരണവർ ഒരു കന്യകയുടെ വിവാഹം നിശ്ചയിച്ചു. വയസ്സായ ഒരാൾക്കാണ് കൊടുക്കാൻ തീരുമാനിച്ചതു്. ആകുട്ടിയ്ക്ക് അച്ഛനില്ല. രണ്ടു ഉടപ്പിറന്നവരുണ്ടായിരുന്നു. അവർരണ്ടുപേരും വേറെവല്ലചെറുപ്പക്കാർക്കും ആ കുട്ടിയെ വിവാഹം ചെയ്തുകൊടുക്കണമെന്നും വിചാരിച്ചു. ഉടനെ കാരണവൻ തന്റെ കഴുത്തുവെട്ടിക്കളഞ്ഞാലും ഈ വിവാഹം വേറെ ഒരു ആളിനു ചെയ്തുകൊടുക്കുവാൻ താൻ സമ്മതിയ്ക്കയില്ലെന്നു പറഞ്ഞു. ആ കുട്ടിയുടെ അമ്മ ചെറുപ്പക്കാരനു കൊടുക്കുവാൻ കാരണവൻ തയ്യാറില്ലെന്നു കേട്ടപ്പോൾ ബോധംകെട്ടു വീണുപോയി. ഈമാതിരിയുള്ള കാരണവന്മാരുടെ ഏകാധിപത്യമാണ് നമ്പൂതിരിയില്ലങ്ങളിൽ ഇന്നും നടക്കുന്നതു്. അച്ഛനു് സ്വാതന്ത്ര്യമുണ്ടെങ്കിൽ മക്കളെ ശരിയായ വരനുമാക്കു വിവാഹം ചെയ്തുകൊടുക്കും. പിന്നെ രണ്ടാം വേളിയും, മൂന്നാം വേളിയും ഒന്നും നടക്കയില്ല. സ്ത്രീധനത്തെപ്പറ്റി ഇതിൽ മുമ്പിലത്തെ ബില്ലിൽനിന്നും വളരെ വ്യത്യാസം വരുത്തീട്ടുണ്ടു്. 'ആലോചനികം,' 'ആധിവാഹനികം' എന്നുതുടങ്ങിയ സ്ത്രീധനം ഇന്നുവരുത്തുംക്കു'മായി കലാശിച്ചിട്ടുണ്ടു്. ഇല്ലത്തെകാരണവരാണ് ഇത്നിജപ്പെടുത്തുവാനും വരന്റെ ഇല്ലത്തെ തൽക്കാലത്തെ പണത്തിന്റെ ബുദ്ധിമുട്ടനുസരിച്ചു ഇത് കയറുകയും ചെയ്യും. വിവാഹത്തിനു സ്ത്രീധനം ഒഴിച്ചുകൂടാത്തതുല്ലെന്നും, വല്ലതും ഉണ്ടെങ്കിൽതന്നെ അതു വധൂവരന്മാരുടെ സഹായ്ത്തിനായിരിക്കുന്നതുമാണെന്നും വന്നാൽ പിന്നീടുകാരണവന്മാർ ഇതിന്നുവേണ്ടിവഴക്കടിച്ചു വിവാഹങ്ങൾക്കു് പ്രതിബന്ധമായിനില്ക്കയില്ലല്ലൊ.

ഈബില്ലിൽ കുടുംബഭരണ വ്യവസ്ഥകളെ സംബന്ധിച്ചു് നായർ റെഗുലേഷന്റെ പകർപ്പാണെന്നാണു് മറ്റൊരാക്ഷേപം. നിയമദൃഷ്ട്യാ നമ്പൂതിരി കുടുംബങ്ങൾ നായർ തറവാടുകളോടു പല കാര്യങ്ങളിലും യോജിച്ചാണിരിക്കുന്നതെന്നു ഞാൻ ആദ്യമേതന്നെ പറഞ്ഞിട്ടുണ്ടല്ലൊ. പലേ നായർ പ്രമാണികളുടേയും അഭിപ്രായാലോചനാഫലമായിട്ടാണല്ലൊ ആ റെഗുലേഷൻ ഉണ്ടായിട്ടുള്ളതു. അതുകൊണ്ടു നായർ സമുദായത്തിനു സാമാന്യമായി ദോഷമായുണ്ടാകുന്നതെന്നു ഞാൻ ഒരിക്കലും വിശ്വസിക്കുന്നതല്ല. പക്ഷെ ചിലർക്കു് അതിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടായിരിയ്ക്കും. ഇതിൽ കുഞ്ഞൻ നമ്പ്യാർ പറയുന്നതു പോലെ പഞ്ചസാരപായസം കയ്പാണെങ്കിൽ എനിയ്ക്കു അതു കയ്പു "ഇഷ്ടമാണ്" എന്നാണ് ഞാൻ പറയുന്നതു്. നായർ സമുദായത്തിനുള്ള കഷ്ടം ഞങ്ങൾക്കും വന്നാൽ തരക്കേടില്ല.

പിന്നെ ഈ ബില്ലിൽ ഇളയതിനെ ചേർക്കാത്ത കാര്യം പറഞ്ഞു. അതിനു അവരുടെ സമുദായത്തിൽ നിന്നു ആക്ഷേപം വ

LIBRARY ARCHIVES Kerala Legislative Assembly

ന്നാട്ടില്ല. ആദ്യത്തെ കൌൺസ്സിലിൽ അവരെ ചേർക്കുന്നതെന്നു പറഞ്ഞതുകൊണ്ടാണ് ഇതിലും ചേർക്കാതിരുന്നിട്ടുള്ളതു്. സിലക്ട് കമ്മിറ്റിയിൽ അങ്ങിനെ ഒരഭിപ്രായം വന്നാൽ ചേർക്കുവാൻ യാതൊരു വിരോധവുമില്ല.

ഈ ബിൽ ആദ്യം ഇവിടെ കൊണ്ടുവന്ന അവസരത്തിൽതന്നെ കൊണ്ടുവന്നുമാതിരി പാസ്സാക്കുവാൻ സാധിയ്ക്കയില്ലെന്നുള്ളതു നിശ്ചയമാണ്. അതിനാൽ അതിൽ അത്യാവശ്യമുള്ള മാറ്റങ്ങൾമാത്രം വരുത്തി പാസ്സാക്കുന്നതാണെന്നഭിപ്രായപ്പെടുന്നു.

Deputy President.—The motion before the House is that the Cochin Nambudiri Bill be read in Council. Those who are for and those who are against.

Motion carried

Secretary to the Council.—The title of the Bill is "The Cochin Nambudiri Bill"

Mr. P. S. Kesavan Nambudiri.—Sir, I rise to move that the Bill be referred to a Select Committee consisting of Dr. A. G. Menon, the Government Advocate, Messrs. A. Eachara Menon and C. N. Ittiravi Nambudiri, Srimathi Parvathi Nemmanimangalam, Messrs. T. A Ramachandra Ayyar, Joseph Pettah, P. Kumaran Ezhuthassan and the Mover.

Mr. C. N. Ittiravi Nambudiri.—I second it.

Dr. A. R. Menon.—Sir, as the House is very anxious to have the various view points on this Bill and as only two Members have taken a somewhat hostile attitude, I move that Messrs. A Sankara Poduval and P. Krishna Menon be also included in the Committee.

Mr. K. Mohamed Seethi.—I second it.

Deputy President.—The motion before the House is that the Cochin Nambudiri Bill be referred to a Select Committee consisting of Dr. A. G. Menon, the Government Advocate, Messrs A. Eachara Menon and C. N. Ittiravi Nambudiri, Srimathi Parvathi Nemmanimangalam, Messrs. T. A. Ramachandra Ayyar, Joseph Pettah, P. Kumaran Ezhuthassan, A. Sankara Poduval and P. Krishna Menon and P. S. Kesavan Nambudiri.

Motion carried

Deputy President.—I am told by the Secretary to the Council that the President has asked me to preside over this sub-committee and as it is also the desire of the mover, I announce that the Deputy President will preside and that the report may be submitted within four months.

Now we shall proceed with the discussion on resolutions.

LIBRARY ARCHIVES Kerala Legislative Assembly